DESPATCHED
On..7.1.5/2020

14/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.767(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.6414/SIC-G7/2019**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

Shri. R. Aji,
Pratheeksha,
Vadakkevila P.O,
Kollam. — Appellant

The State Public Information Officer &
Administrative Officer,
O/o Chairman & Managing Director,
Information Section, Transport Bhavan,
Thiruvananthapuram

Appellate Authority[
Transport Bhavan,
Fort, Thiruvananthapura — Respondents

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 25.01.2019 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 27.02.2019 |
| ഒന്നാം അപ്പീൽ | 11.03.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാം അപ്പീൽ | 10.04.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 14.01.2020, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജാരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

   a. GPAI പ്രീമിയം തുക 31.12.2018 ന് അടയ്ക്കണമെന്ന് പറഞ്ഞ് ഉത്തരവും അക്കൗണ്ടിൽ പണവും എട്ടാം യൂണിറ്റിലും അയച്ചു കൊടുത്തിട്ടും കൽപ്പറ്റ യൂണിറ്റിൽ നിന്ന് എന്നാണ് ട്രഷറിയിൽ പണം അടച്ചത്

   b. കൽപ്പറ്റ യൂണിറ്റിലെ 254 ജീവനക്കാരുടെ ഇൻഷുറൻസ് പരിരക്ഷയ്ക്ക് പുറത്ത് എന്ന് പറഞ്ഞ് പത്ര വാർത്ത വന്നിരുന്നു. ഇതിനെതിരെ കോർപ്പറേഷന്റെ ഭാഗത്തു നിന്ന് എന്ത് നടപടി ഉണ്ടായി എന്നിങ്ങനെയുള്ള വിവരങ്ങളാണ്.

2. മേപ്പടി വിവരാവകാശ അപേക്ഷ 30.01.2019 ന് ഓഫീസിൽ ലഭ്യമായി എന്നും പ്രസ്തുത വിവരം ലഭ്യമാക്കുന്നതിനായി കൽപ്പറ്റ യൂണിറ്റിലെ സൂപ്രണ്ടിനും മുഖ്യ കാര്യാലയ ത്തിലെ വിജിലൻസ് ഓഫീസർക്കും അപേക്ഷ കൈമാറുകയും വിവരം നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു കൊണ്ട് ഒന്നാം എതിർകക്ഷി മറുപടി നൽകി.

3. പ്രസ്തുത വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങളിലെ മറുപടിയിൽ തൃപ്തികരമാ കാതിരുന്ന അപ്പീൽഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ സ്വീകരിച്ച അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 06.04.2019 തീയതി ഹിയറിംഗ് നിശ്ചയിക്കുകയുണ്ടായി. തുടർന്ന് അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയാണ് ഉണ്ടായത്.

4. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, മേപ്പടി അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് തെറ്റായ വിവരമാണ് നൽകിയത് എന്നും എൻക്വയറി റിപ്പോർട്ട് ഹെഡ് ഓഫീ സിലേയ്ക്ക് അയച്ചതായി അറിയാൻ കഴിഞ്ഞു എന്നും പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നും ഫീസ് ഒടുക്കുവാൻ തയ്യാറാണെന്നുമാണ്. കൂടാതെ 12.11.2018 പ്രകാരം 2019 വർഷത്തെയ്ക്കുളള പ്രീമിയം 2018 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് കിഴിവ് ചെയ്ത് ഡിസംബർ 31 നുള്ളിൽ ട്രഷറിയിൽ ഒടുക്കേണ്ടതും ഇല്ലെങ്കിൽ പരിരക്ഷ ഇല്ലാത്തതുമാണ്. ഈയവസരത്തിൽ ചാത്തന്നൂർ യൂണിറ്റിൽ ജനറൽ സെക്ഷൻ സൂപ്രണ്ടായിരുന്ന കാലത്ത് ചാത്തന്നൂർ യൂണിറ്റിലെ ജീവനക്കാരുടെ നവം ബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഈടാക്കിയ തുക നിശ്ചിത സമയപരിധിക്കുള്ളിൽ ട്രഷറിയിൽ നിക്ഷേപിക്കാത്തത് മൂലം 350 ജീവനക്കാർക്ക് പരിരക്ഷ നഷ്ടമായി എന്ന് പത്രങ്ങളിൽ വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ക്യാഷ് സൂപ്രണ്ടിനെയും ജനറൽ സെക്ഷൻ സൂപ്രണ്ടിനെയും സസ്പെൻഡ് ചെയ്തിരുന്നു എന്നും കൂട്ടത്തിൽ 30, 31 ദിവ സങ്ങളിൽ ലീവായിരുന്ന ടിയാനെയും സസ്പെൻഡ് ചെയ്തിരുന്നു എന്നും അപ്പീൽഹർജിക്കാരൻ അറിയിക്കുന്നുണ്ട്.

5. ടിയാന്റെ അപേക്ഷയുമായി ബന്ധപ്പെട്ട വിവരം ടി ഓഫീസിൽ ഉണ്ടായിരുന്നതല്ല എന്നും വിവരം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഓഫീസുകളിലേയ്ക്ക് അപേക്ഷ കൈമാറുകയും ആയതു പ്രകാരം വിജിലൻസ് വിഭാഗം കൈമാറിയിരുന്ന മറുപടിയും കൽപ്പറ്റ യൂണിറ്റിൽ നിന്ന് ലഭ്യമായ വിവരവും 27.02.2019 ന് അയച്ചു നൽകിയിരുന്നു എന്നും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് ലഭ്യമായ വിവരങ്ങൾ നൽകി കൊണ്ട് അപ്പീൽ തീർപ്പാക്കി എന്നും ടിയാന്റെ 3-ാമത്തെ ചോദ്യവുമായി ബന്ധ പ്പെട്ട് നൽകിയിരുന്ന മറുപടി ചാത്തന്നൂർ യൂണിറ്റിലെ ഇതേ വിഷയവുമായി ബന്ധപ്പെട്ട റിപ്പോർട്ട് സംബന്ധിച്ചാണെന്നും കൽപ്പറ്റ യൂണിറ്റുമായി ബന്ധപ്പെട്ട

റിപ്പോർട്ട് നടപടികൾ തുടർന്നുവരുന്നതിനാൽ നൽകുവാൻ കഴിയുകയില്ല എന്നും വിജിലൻസ് വിഭാഗം എസ്.പി.ഐ.ഒ വ്യക്തതവരുത്തിയിട്ടുണ്ട് എന്നുമാണ്.

6. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, അപ്പീൽഹർജിക്കാരൻ 25.01.2019 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരംടിയാന് ലഭ്യമാക്കേണ്ടതാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെടുന്നു. ആകയാൽ അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയുമായി ബന്ധപ്പെട്ട മൂന്ന് ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി പകർപ്പുകൾ ഉൾപ്പെടെ സൗജന്യമായി ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ സൗജന്യമായി നൽകാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കിയ വിവരം യഥാസമയം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM